കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1719/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20
PIN : 680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തീയ്യതി: 04/12/2018

ഡെപ്യൂട്ടി ഡയറക്ടർ .

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒരുമനയൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- ഒരുമനയൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡിക 1-10, ഭാഗം 3 ലെ 3-5, 3-9, 3-18 എന്നീ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1719/2018 തീയ്യതി : 4/12/18

# തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 22-10-2018 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-10-18 മുതൽ<br>31-10-18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | വി.ജിതുളസീദാസ്<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.ഹണി.കെ.എസ്<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .വിദ്യാ വിക്രമൻ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലിഷ.കെ.വി<br>അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി രേഖ.സി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | കാലയളവ് | പേര് | |
|---|---|---|---|
| പ്രസിഡന്റ് | 01/04/17 മുതൽ 20/11/2017 വരെ | ശ്രീ.കെ.ജെ ചാക്കോ | |
| | 21/11/2017മുതൽ 21/12/2017വരെ | ശ്രീമതി .അഷിത കുണ്ടിയത്ത്(വൈസ് പ്രസിഡന്റ് ഇൻ ചാർജ്ജ്) | |
| | 22/12/17മുതൽ 31/03/2018വരെ | ശ്രീമതി .അഷിത കുണ്ടിയത്ത് | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 21/12/2017വരെ | അഷിത കുണ്ടിയത്ത് | |
| | 22/12/2017 മുതൽ 05/01/2018 വരെ | ശ്രീമതി .ജാസിറ ഷംസീർ | |
| | 06/01/18 മുതൽ 31/03/2018വരെ | ശ്രീമതി .ലീന സജീവൻ | |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീമതി .കെ.കെ ജ്യോതി | |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018വരെ | ശ്രീമതി .ജാഷിറ ഷംസീർ | |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018വരെ | ശ്രീമതി .നഷറ | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം |
| സെക്രട്ടറി | ശ്രീമതി.കെ.കെ ലത(സെക്രട്ടറി ഇൻ ചാർജ്ജ്) | 01/04/2017 മുതൽ 10/5/2017വരെ | ജൂനിയർ സൂപ്രണ്ട്, അടാട്ട് ഗ്രാമപഞ്ചായത്ത് |
| | ശ്രീമതി.അനുപമ എ,വി | 11/5/2017മുതൽ 31/3/2018 വരെ | സെക്രട്ടറി, ഒരുമനയൂർ ഗ്രാമപഞ്ചായത്ത് |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം |
|---|---|---|---|
| കൃഷി ഓഫീസർ | ശ്രീ.പ്രതീഷ് വി.എസ് | 1/4/2017 മുതൽ 31/3/2018വരെ | കൃഷി ഓഫീസർ ഒരുമനയൂർ ഗ്രാമപഞ്ചായത്ത് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രിഷ്മ. പി.പി. | 1/4/2017മുതൽ 07/10/2017വരെ | അസിസ്റ്റന്റ് എഞ്ചിനീയർ, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| | രാജി മോൾ.എസ്.രാജു | 12/10/17 മുതൽ 31/3/18 വരെ | അസിസ്റ്റന്റ് എഞ്ചിനീയർ,ഒരുമനയൂർ ഗ്രാമപഞ്ചായത്ത് |
| | | 08/10/17 മുതൽ 11/10/17 വരെ | ഒഴിവ് |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.രാഖി വിജയൻ | 1.4.2017 മുതൽ 31.3.2018 വരെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ഒരുമനയൂർ ഗ്രാമപഞ്ചായത്ത് |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. സരിത.എസ് | 1.4.2017 മുതൽ 31.3.2018 വരെ | മെഡിക്കൽ ഓഫീസർ , പള്ളിപ്പുറം ആയുർവ്വേദ ആശുപത്രി |
| വെറ്ററിനറി സർജൻ | ഡോ.സന്തോഷ് | 1.4.2017 മുതൽ 16.6.2018 വരെ | വെറ്ററിനറി സർജൻ,ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് |
| | ഡോ.മനോജ് തെറ്റയിൽ | 17/6/17 മുതൽ 31.3.2018 വരെ | വെറ്ററിനറി സർജൻ,ഒരുമനയൂർ ഗ്രാമപഞ്ചായത്ത് |
| വി.ഇ.ഒ(ഒരുമനയൂർ സർക്കിൾ) | ശ്രീമതി.രജന | 1/4/17 FN മുതൽ 14/7/17 AN വരെ | വി.ഇ.ഒ,ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| | ശ്രീമതിഫസീല ടി.എ | 14/07/17മുതൽ 9/9/17 വരെ | വി.ഇ.ഒ,തളിക്കുളം, ബ്ലോക്ക് പഞ്ചായത്ത് |
| | ശ്രീമതി.പദ്മ എം.എ | 9/9/17മുതൽ 31/3/18 വരെ | വി.ഇ.ഒ,(ഒരുമനയൂർ സർക്കിൾ) |
| വി.ഇ.ഒ (മുത്തമ്മാവ് സർക്കിൾ) | ശ്രീ.അരുൺ ജോസ് ടി | 1/4/17 മുതൽ 9/6/17 വരെ | |
| | ശ്രീമതി.രജന | 9/6/17 മുതൽ 14/7/17 വരെ | വി.ഇ.ഒ,ചെവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| | ശ്രീമതി.പദ്മ എം.എ | 14/7/17 മുതൽ 31/3/18 വരെ | വി.ഇ.ഒ, (ഒരുമനയൂർ സർക്കിൾ) |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.സബിത.കെ.കെ | ¼/2017 മുതൽ 17/5/17 വരെ | ഐ.സി.ഡി. എസ് സൂപ്പർവൈസർ,ഗുരുവായൂർ മുൻസിപ്പാലിറ്റി |
| | ശ്രീമതി.വിനോദിനി പി.കെ | 18/5/17 മുതൽ 31/3/18 വരെ | ഐ.സി.ഡി. എസ് സൂപ്പർവൈസർ,ചാലക്കുടി ബ്ലോക്ക് ഒഫീസ് |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | 2017-18 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| | ഭാഗം – 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില 29099/- രൂപ പഞ്ചായത്തിന് ലഭ്യമായില്ല. | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ വ്യത്യാസം | 2-2 |
| 15 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-3 |
| 16 | വാതക ശ്മശാനം - രസീതി സമ്പ്രദായം ഏർപ്പെടുത്തിയില്ല | 2-4 |
| 17 | രശീതികൾ റദ്ദാക്കൽ-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 2-5 |
| 18 | തനതു ഫണ്ട് - നിക്ഷേപിച്ച ചെക്കുകൾ വരവു വന്നിട്ടില്ല. | 2-6 |
| 19 | തനതു ഫണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകൾ-ബാങ്ക് ബുക്ക്,ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ ശരിയായി സൂക്ഷിക്കുന്നില്ല | 2-7 |
| 20 | വാടക- രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 2-8 |
| 21 | ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസമാഹരണം ആരംഭിച്ചിട്ടില്ല | 2-9 |
| 22 | കളക്ഷൻ തുക അടവാക്കിയതിൽ വ്യത്യാസം | 2-10 |

| | | |
|---|---|---|
| | -ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി. | |
| 23 | പെർമിറ്റ് രജിസ്റ്റർ-അപാകതകൾ | 2-11 |
| 24 | വെറ്റിനറി ഓഫീസിലെ രശീതുകൾ പ്രകാരമുള്ള കളക്ഷനിലെ അപാകതകൾ | 2-12 |
| 25 | വാണിജ്യാവശ്യത്തിന് പെർ മിറ്റ് അനുവദിച്ച കെട്ടിടത്തിലെ വസ്തു നികുതി നിർണ്ണയം-അപാകതകൾ | 2-13 |
| 26 | കെ പി ബി ആർ വ്യവസ്ഥകൾ പാലിക്കാതെയുള്ള കെട്ടിട നിർമ്മാണം-റഗുലറൈസേഷൻ ഫീസ് ഈടാക്കി കെട്ടിട നമ്പർ അനുവദിച്ചു. | 2-14 |
| 27 | വസ്തു നികുതി -പെർമിറ്റ്എടുക്കാതെ കെട്ടിട നിർമ്മാണം റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്. | 2-15 |
| 28 | വസ്തു നികുതിയോടൊപ്പം സേവന ഉപ നികുതി ചുമത്തുന്നില്ല | 2-16 |
| | ഭാഗം – 3 | |
| 29 | കരാറുകാരൻ എഗ്രിമെന്റിലേർപ്പെട്ടു - പ്രവൃത്തി നിർവ്വഹിച്ചില്ല. | 3-1 |
| 30 | അംഗൻവാടി നം 43 – നിർമ്മാണവും ഉദ്ഘാടനവും കഴിഞ്ഞ് ഒരു വർഷമായിട്ടും കറന്റ് കണക്ഷൻ, കുടിവെള്ള സൌകര്യമില്ല. | 3-2 |
| 31 | പഞ്ചായത്ത് വക സ്ഥലം - വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല. | 3-3 |
| 32 | വീട് വാസ യോഗ്യമാക്കൽ(എസ്.സി.പി)-ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല | 3-4 |
| 33 | തെരുവുവിളക്ക് പരിപാലനം -അപാകതകൾ | 3-5 |
| 34 | ലാപ്പ് ടോപ്പിന് അധിക തുക ചെലവഴിച്ചു | 3-6 |
| 35 | കമ്മ്യൂണിറ്റി ഹാൾ ഖരമാലിന്യസംസ്കരണപ്ലാന്റ് | 3-7 |
| 36 | എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം--അപാകതകൾ | 3-8 |
| 37 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ | 3-9 |
| 38 | KSEB സ്ട്രീറ്റ് മെയിൻവലിക്കൽ -അപാകതകൾ | 3-10 |
| 39 | വനിതാവികസനകോർപ്പറേഷനിൽ നിന്ന് തുക ഈടാക്കിയിട്ടില്ല | 3-11 |
| 40 | ഓണം അഡ്വാൻസ് നാളിതുവരെ ഈടാക്കിയിട്ടില്ല | 3-12 |
| 41 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 3-13 |
| 43 | പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തികൾ ചെയ്തു | 3-14 |
| 44 | ആശ്രയ പദ്ധതി -അർഹർക്ക് ആനുകൂല്യം നല്കുന്നതിൽ ജാഗ്രത പുലർത്തുന്നില്ല | 3-15 |
| 45 | തനതുഫണ്ട് വൗച്ചറുകൾ - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 3-16 |

| | | |
|---|---|---|
| 46 | മോണിറ്ററിംഗ് റിപ്പോർട്ട്- പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ തയ്യാറാക്കുന്നില്ല | 3-17 |
| 47 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-18 |
| | ഭാഗം - 4 | |
| 48 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 55 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-8 |
| 56 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22/03/2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20/03/2018 തീയതിയിലെ 32/18-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 10/05/18 | 10/5/18 | 23/5/18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18/6/18 -19/6/18 | ടി.എസ്.ആർ ഇ3/1150 /18(33) തീയതി 31.07.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1914326.8 |
| വരവ് | 43986923 |
| ആകെ | 45901249.8 |
| ചെലവ് | 41198436 |
| നീക്കിയിരിപ്പ് | 470281.8 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 5929000 | 592900 | 4919800 | 1009200 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5720504 | 5720504 | 4655995 | 1064509 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3921000 | 3921000 | 3775540 | 145460 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2581088 | 9912 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 2784394 | 2784394 | 2773704 | 10690 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 14970622 | 14970662 | 1040856 | 4562306 |
| സാക്ഷരത | | 5214 | 20207 | 25421 | 19600 | 5821 |
| ദുരിതാശ്വാസനിധി | | 3142 | 126 | 3268 | - | 3268 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 6845656 | 6845656 | 6845656 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3325 | 508032 | 511357 | 509379 | 1978 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 445782 | 356726 | 802508 | 152222 | 650286 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | 90000 | 90000 | 90000 | 0 |
| തൊഴിൽ രഹിത വേതനം | | 0 | 29520 | 29520 | 29520 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 1076600 | 1076600 | 1076600 | 0 |
| വിധവ പെൻഷൻ | | 0 | 7630500 | 7630500 | 7630500 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 7482300 | 7482300 | 7482300 | 0 |
| വികലാംഗ പെൻഷൻ | | 0 | 1267900 | 1267900 | 1267900 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | 0 | 307800 | 307800 | 307800 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 227030 | 175000 | 402030 | 157700 | 244330 |
| | ജില്ലാ പഞ്ചായത്ത് | 270000 | 300500 | 570500 | 491825 | 78675 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (തൃശ്ശൂർ ജില്ല സഹകരണ ബാങ്ക്) | 1037156 | 9468203 | 10505359 | 6235889 | 4269470 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 501144 | 5890658 | 6391802 | 6021331 | 370471 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 46869345 | 96 | 31020058 | 46 | - | 66 % |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3325 | 508032 | 511357 | 509379 | 1978 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (വേതനം) | - | 6845656 | 6845656 | 6845656 | - |
| വേതനേതരം | - | 1801198 | 1801198 | 1801198 | - |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29520 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 1076600 | 115 |
| വിധവാപെൻഷൻ | 7630500 | 623 |
| വാർദ്ധക്യകാലപെൻഷൻ | 7482300 | 721 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1267900 | 134 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 307800 | 26 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന- 27/10/2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 70,157/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ കാണുന്നു.

1. ഡേ ബുക്ക്, ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ എന്നിവ ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ വേണ്ടവിധം എഴുതി സൂക്ഷിക്കുന്നില്ല. 2/18, 3/18 എന്നീ മാസങ്ങളിൽ രേഖപ്പെടുത്തലുകളില്ല.

3.സ്റ്റോക്ക് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും എഴുതി സൂക്ഷിക്കുന്നില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ വിവരം (സ്ഥാപന വിവരം, എണ്ണം, തുക ), ഇഷ്യൂ ചെയ്തതിന്റെ വിവരം, ബാലൻസ് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സെക്രട്ടറി വർഷാന്ത്യ സ്റ്റോക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല.

4. അഡ്വാൻസ് രജിസ്റ്ററിൽ ഓണം അഡ്വാൻസ് ഒഴികെയുള്ള മറ്റ് അഡ്വാൻസുകൾ ഒന്നുംതന്നെ ചേർക്കുന്നില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സെക്രട്ടറി നേരിട്ട് നിർവ്വഹണം നടത്തുന്ന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി. എന്നിവയുടെ വിവരങ്ങൾ മാത്രമേ ചേർക്കുന്നുള്ളൂ. അസി. എഞ്ചിനീയർ പ്രത്യേകം സെക്യൂരിറ്റി , ഇ.എം.ഡി. രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും ഇവയിൽ വർഷാന്ത്യ വിവരങ്ങൾ ചേർക്കുകയോ ബാലൻസ് വിവരങ്ങൾ അടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയോ ചെയ്യുന്നില്ല. ആയതുകൊണ്ടുതന്നെ ഗ്യാരണ്ടി കാലയളവിന് മൂന്ന് വർഷത്തിനുശേഷവും തിരികെ നല്കാതെ ബാക്കി നിൽക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയോ എന്നത് പരിശോധിക്കാനാകുന്നില്ല. തൊഴിലുറപ്പ് വിഭാഗവും സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി. എന്നിവ സ്വീകരിക്കുന്നുണ്ടെങ്കിലും ഇവയുടെ കണക്കുകൾ എവിടേയും സൂക്ഷിക്കുന്നില്ല. സെക്യൂരിറ്റിയായി സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ രശീതികൾ ഫയലുകളിൽതന്നെ സൂക്ഷിക്കുന്നു.

6. നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. പദ്ധതികളിൽ മോണിറ്ററിംഗ് വേണ്ടവിധം നടത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിന് ശേഷം മോണിറ്ററിംഗ് സമിതികളായി മാറി മോണിറ്ററിംഗ് നടത്തുന്നില്ല.

8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഇഷ്യൂ ചെയ്ത് മൂന്ന് വർഷത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നല്കുന്നതിന്റെ വിവരമോ, മൂന്ന് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയിൽ പെർമിറ്റ് പുതുക്കി നല്കിയതിന്റേയോ വിവരമോ ചേർക്കുന്നില്ല.
9)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/10/2018 | സെപ്റ്റംബർ/18 | 2018 ഓഗസ്റ്റ് വരെയുള്ള റിപ്പേർട്ട് ലഭിച്ച |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/7/16 | 2011-12 മുതൽ 2015-16 വരെ | 27/10/16 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും, വാർഷികപത്രികയിൽ പറയുന്ന മുന്നിരിപ്പ് - നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കുന്നതിനായില്ല.

3. ജില്ലാ സഹകരണ ബാങ്കിന്റെ റീകൺസീലിയേഷൻ പത്രിക പ്രകാരം 9,250/-രൂപ “Cheques deposited but not collected” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ഇത്തരം ചെക്കുകൾ ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

5. (1) Advance to Implementing Agencies (KSEB) – 2016-17 ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരം 3,68,988/- രൂപയും അഡ്വാൻസ് രജിസ്റ്റർ പ്രകാരം തൻ വർഷത്തെ ഡെപ്പോസിറ്റ് തുക ( RP-47പ്രകാരവും) 5,99,008/- രൂപയുമാണ്. സ്ഥാപനം ലഭ്യമാക്കിയ വിനിയോഗ വിവരത്തിന്റെ അടിസ്ഥാനത്തിൽ 69,152/- രൂപയാണ് ചെലവ് . ആയത് പ്രകാരം തൻവർഷത്തെ ബാലൻസ് ഷീറ്റിലേക്ക് പോകേണ്ട തുക 8,98,844/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 8,78,716/- രൂപയാണ് കാണിച്ചിരിക്കുന്നത്.

(2) Advance to Implementing Agencies – Deposit with Kerala Water Authority – വാർഷിക കണക്ക് (RP-47) പ്രകാരം 26,62,138/- രൂപയാണ് അഡ്വാൻസ് കാണിച്ചിരിക്കുന്നത്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഇത് 26,62,588/- ആണ്.

6.തൃശ്ശൂർ കോപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ ഉള്ള 5,000/- രൂപയുടെ സ്ഥിര നിക്ഷേപം റസീപ്റ്റ് ആന്റ് പേയ്മെന്റ് 40(a) ,40(b) എന്നിവയിലും ബാലൻസ് ഷീറ്റ് B-17 ലും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ബാലൻസ് ഷീറ്റിലെ ഇൻവെസ്റ്റ്മെന്റ് ഹെഡ്ഡിലേക്ക് മാറ്റേണ്ടതാണ്.

7. ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ Prior period income – Property Tax on Residential Building എന്ന ഹെഡ്ഡിൽ 1,07,430/-രൂപ കാണുന്നു. ആയതുമായി ബന്ധപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രകാരമുള്ള രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

8. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ്

ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതി ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ് വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

കുടിശ്ശിക – ഡി സി ബി ( Res. & Non Res.)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 596884 | 596884 | 1932 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 704314 | 596884 | ബാലൻസ് ഷീറ്റ് B-15 പ്രകാരം ബാലൻസ് ഇല്ല. |

തൻവർഷം -ഡി സി ബി

റെസിഡൻഷ്യൽ &നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 2120252 | 1917344 | 207767 | 1130 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2120252 | 1917344 | * | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ്& പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | *350410101-Advance collection-PT on Res.& Non Res. bldg- | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

* 350410101-Advance collection-PT on Res. bldg-എന്ന ഹെഡ്ഡിൽ 16-17 ൽ 623864 രൂപ കാണുന്നു. എന്നാൽ തൻവർഷത്തേക്ക് ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2017-18 ബാലൻസ് ഷീറ്റ് പ്രകാരം ആകെ അഡ്വാൻസ് കളക്ഷൻ 4,10,256/- രൂപയാണ്. ഇതിൽ 17-18 ൽ അടുത്ത വർഷത്തേക്ക് അഡ്വാൻസ് ആയി കിട്ടിയ 11,976/- ( സഞ്ചയ പ്രകാരം) കൂടി ഉൾപ്പെടുന്നു. ഇതുപ്രകാരം മുൻവർഷത്തെ ബാലൻസ് തുക 3,98,280/- രൂപയും തൻവർഷം അഡ്ജസ്റ്റ് ചെയ്ത തുക 2,25,584/- രൂപയുമാണ് വരേണ്ടത്. എന്നാൽ 2017-18 ൽ സാംഖ്യ പ്രകാരം ഡിമാന്റിൽ നിന്നും കളക്ഷൻ കുറച്ചാൽ കിട്ടുന്ന തുക 2,02,908/- രൂപയാണെന്നിരിക്കെ ബാലൻസ് '0' ആണ് കാണിച്ചിരിക്കുന്നത്. ആയതിനാൽ തന്നെ മേൽ തുകയാണ് അഡ്വാൻസ് കളക്ഷനായി അഡ്ജസ്റ്റ് ചെയ്യേണ്ടത്. മേൽ അപാകത പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില 29099/- രൂപ പഞ്ചായത്തിന് ലഭ്യമായില്ല.

2016-17 വർഷം ഇ-ടെണ്ടർ നടത്തിയ 5 മരാമത്ത് പ്രവൃത്തികളിൽനിന്നും ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട 20,475/- രൂപയും, 2017-18 വർഷത്തെ 3 പ്രവൃത്തികളിൽനിന്നും ലഭിക്കേണ്ട 8,624/- രൂപയുമടക്കം ആകെ 29,099/- രൂപ (വാറ്റടക്കം) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറിൽനിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ വ്യത്യാസം

1) ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ പാലയൂർ സെന്റ് ഫ്രാൻസിസ് സ്കൂളിലെ താഴെ പറയുന്ന ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം കണക്കാക്കിയതിൽ അർദ്ധവാർഷിക വരുമാന പത്രിക പ്രകാരമുള്ള ക്ഷാമബത്ത ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| സിസ്റ്റർ ജെയ്സി | 81240 | 20310 | 101550 | 1000 | 750 | 250 |
| സിസ്റ്റർ ലളിത | 81240 | 20310 | 101550 | 1000 | 750 | 250 |
| ആൻസി | 81240 | 20310 | 101550 | 1000 | 750 | 250 |
| ജസീല | 72900 | 18225 | 91125 | 750 | 600 | 150 |
| മിനിമോൾ.പി.എ | 81276 | 20319 | 101595 | 1000 | 750 | 250 |
| സ്മിജ | 74400 | 18600 | 93000 | 750 | 600 | 150 |
| ഷീന | 74400 | 18600 | 93000 | 750 | 600 | 150 |
| ലിയ | 74400 | 18600 | 93000 | 750 | 600 | 150 |
| രൂപശ്രീ | 69720 | 17430 | 87150 | 750 | 600 | 150 |
| സുമി | 73440 | 18360 | 91800 | 750 | 600 | 150 |
| ഇന്ദുലേഖ | 69720 | 17430 | 87150 | 750 | 600 | 150 |
| ഷീബ | 62880 | 15720 | 78600 | 750 | 600 | 150 |
| ജിൻസി.സി.ജെ | 73440 | 18360 | 91800 | 750 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| പിൽസി | 73440 | 18360 | 91800 | 750 | 600 | 150 |
| ദീപ്തി | 72480 | 18120 | 90600 | 750 | 600 | 150 |
| നെഷിത | 72480 | 18120 | 90600 | 750 | 600 | 150 |
| മിനി.K.I | 74400 | 18600 | 93000 | 750 | 600 | 150 |
| ജൂലിയ | 72480 | 18120 | 90600 | 750 | 600 | 150 |
| ഹേമ | 74400 | 18600 | 93000 | 750 | 600 | 150 |
| ജിത | 71520 | 17880 | 89400 | 750 | 600 | 150 |
| സിൽജി | 69720 | 17430 | 87150 | 750 | 600 | 150 |
| ദിവ്യാ ഷാബു | 71520 | 17880 | 89400 | 750 | 600 | 150 |
| ജോൺസി | 71520 | 17880 | 89400 | 750 | 600 | 150 |
| പി.പി. ഷീജ | 72480 | 18120 | 90600 | 750 | 600 | 150 |
| സജീന | 69720 | 17430 | 87150 | 750 | 600 | 150 |
| ജീത | 69720 | 17430 | 87150 | 750 | 600 | 150 |
| ജെൻസി | 69720 | 17430 | 87150 | 750 | 600 | 150 |
| ഡേവിസ് | 62880 | 15720 | 78600 | 750 | 600 | 150 |
| പ്രിയ ജനീഷ് | 69720 | 17430 | 87150 | 750 | 600 | 150 |
| ട്രീസ ഡാനിയേൽ | 69720 | 17430 | 87150 | 750 | 600 | 150 |
| ജെറിൻ | 52680 | 13170 | 65850 | 600 | 450 | 150 |
| മോഹനൻ | 65460 | 16365 | 81825 | 750 | 600 | 150 |
| വിപിന | 39600 | 9900 | 49500 | 450 | 300 | 150 |
| ബാബു | 48000 | 12000 | 60000 | 600 | 450 | 150 |
| നവ്യ ബാബു | 42600 | 10650 | 53250 | 450 | 300 | 150 |
| നിഷ | 39600 | 9900 | 49500 | 450 | 300 | 150 |
| ഷീല | 74400 | 18600 | 93000 | 750 | 600 | 150 |
| ദിവ്യ.എ.കെ | 69720 | 17430 | 87150 | 750 | 600 | 150 |
| ആകെ | | | | | | 6100 |

കുറവു വന്ന തുക ഈടാക്കേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നം 9/27.10.18)

2) ഡി& ഒ രജിസ്റ്റർ പ്രകാരം മോഡൽ ക്ലിനിക്ക് ആന്റ് മെഡിക്കൽസ് സ്ഥാപന തൊഴിൽ നികുതി 1ാം അർദ്ധവർഷത്തിലെ 1,250/- രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ. 2ാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി 1,250/- രൂപ കൂടി ഈടാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അപാകതകൾ

1 .2017-18 വർഷം ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളും പൂർണ്ണമല്ല. ഇതര വകുപ്പിൽ നിന്നും

അനുമതി/നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമായ പല അപേക്ഷകൾക്കൊപ്പവും ആയത് ഇല്ല. പ്രതിദിന വിറ്റുവരവിനെ അടിസ്ഥാനമാക്കി ലൈസൻസ് ഫീ കണക്കാക്കപ്പെടേണ്ട ഒട്ടുമിക്ക അപേക്ഷകളിലും ആയത് രേഖപ്പെടുത്തിയിട്ടില്ല . ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നംപർ | പേര് | ലൈസൻസിയുടെ പേര് | ഹാജരാക്കേണ്ടിയിരുന്ന സാക്ഷ്യപത്രം |
|---|---|---|---|
| II/215 | വുഡ് ലൈൻ ഫർണീച്ചർ ഇൻഡസ്ട്രീസ് | കെ.വി.അബ്ദുൾ ഹമീദ് | വനം വകുപ്പിൽ നിന്നുള്ള അനുമതി, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നു ള്ള നിരാക്ഷേപ സാക്ഷ്യ പത്രം |
| XII/70 | രാജ് മെഡിക്കൽ സ്റ്റോർസ് | ഷീല വിൻസെന്റ് | ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ലൈസൻസ് |
| I/186 | വൈദ്യരത്നപ്രഭാ വൈദ്യശാല | മുഹമ്മദ് ഷഫീക്ക് | ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ അംഗീകാര പത്രം |

2. ജി.ഒ.(ആർ.ടി) 795/2007/തസ്വഭവ /16.03.2007 പ്രകാരമുള്ള സ്ഥല നാമം-പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം അപേക്ഷകൾക്കൊപ്പം ഇല്ല.

3.അലിഫ് കോ പെട്രോളിയം എന്ന പെട്രോൾ പമ്പിന് 2015-16, 2016-17 എന്നീ വർഷങ്ങളിൽ ലൈസൻസ് എടുക്കാത്തതിനെ തുടർന്ന് 17.10.2017തീയതിയിലെ 8(1)/7 നംപർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷക്കൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യ പത്രത്തിന്റെ ആദ്യപേജ് മാത്രമാണുള്ളത്. ഫയർ & റസ്ക്യൂ വിഭാഗത്തിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യ പത്രം ഇല്ല.

4. താഴെ പറയുന്നവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു.

| കെട്ടിട നംപർ | പേര് | ലൈസൻസിയുടെ പേര് | പ്രതിദിന വിറ്റുവരവ്/ മെഷീനറി | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കി ലൈസൻസ് ഫീ | വ്യത്യാസം |
|---|---|---|---|---|---|---|
| XIII/ 57 | സപ്ലൈകോ മാവേലി സ്റ്റോർ | മാനേജർ | 25000 | 500 | 300 | 200 |
| X/141,142 | വുഡ് പാർക്ക് സോമിൽ | കുഞ്ഞുമുഹമ്മദ് എം.പി | 40 HP മെഷീനറി | 400 | 300 | 100 |
| X/114,113 | ഫുഡ് കാർട്ട് | ഷബീർ മുഹമ്മദ് | 8000 | 200 | 100 | 100 |

കുറവ് വന്ന 400/- രൂപ ഈടാക്കേണ്ടതാണ്.

ആയതിനോടനുബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം12/27.08/17)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-4 വാതക ശ്മശാനം - രസീതി സമ്പ്രദായം ഏർപ്പെടുത്തിയില്ല

2017 ഒക്ടോബർ മുതൽ പ്രവർത്തിക്കുന്ന പഞ്ചായത്തു വക വാതക ശ്മശാനത്തിന് 1998ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനുമുള്ള സ്ഥലങ്ങൾ )ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള കളക്ടറുടെ ലൈസൻസ് എന്നിവ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അവധി ദിവസങ്ങളിലും, ഓഫീസ് സമയത്തിനു ശേഷവും പഞ്ചായത്തിൽ നേരിട്ട് തുക അടവാക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ 23.09.2017 ലെ പഞ്ചായത്തുകമ്മിറ്റി തീരുമാനപ്രകാരം (നം.11(5)) പ്രകാരം ക്രിമറ്റോറിയത്തിലെ ഉപയോഗത്തിനായി 5 റസീപ്റ്റ് ബുക്കുകൾ അച്ചടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ക്രിമറ്റോറിയത്തിലെ വരവുകൾക്ക് മാന്വൽ രശീതി സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. മാന്വൽ രസീതി സമ്പ്രദായം ഏർപ്പെടുത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നം.15/27.08.17).

## 2-5 രശീതികൾ റദ്ദാക്കൽ-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

രശീതികൾ റദ്ദാക്കുമ്പോൾ റദ്ദ് ചെയ്ത രശീതികൾ പൂർണ്ണമായും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സാംഖ്യ കാൻസലേഷൻ റിപ്പോർട്ട് പ്രകാരം റദ്ദാക്കിയ ചില രസീതികളുടെ കൗണ്ടർ ഫോയിൽ മാത്രമാണ് മറ്റു രസീതികളുടെ കൂടെ സൂക്ഷിച്ചിരിക്കുന്നത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

117080100336/26.05.17-100

11780100710/07.08.17- തുക രേഖപ്പെടുത്തിയിട്ടില്ല

ഇതു കൂടാതെ റദ്ദാക്കിയ ചില രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ 117801100602 തീയതി 17/08/2017. രശീതികൾ റദ്ദാക്കുമ്പോൾ കാൻസലേഷൻ റിപ്പോർട്ട് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഡേ ബുക്കിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 2-6 തനതു ഫണ്ട് - നിക്ഷേപിച്ച ചെക്കുകൾ വരവു വന്നിട്ടില്ല.

തനതുഫണ്ട് ബാങ്ക് റീ കൺസിലിയേഷൻ പത്രിക (TDCB ചാവക്കാട്) പ്രകാരം താഴെ പറയുന്ന ചെക്കുകൾ നിക്ഷേപിച്ച് ഒരു വർഷത്തോളമായിട്ടും ബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടില്ല

| ചെക്ക് നം/തീയതി | തുക |
|---|---|
| 661306/29.04.17 | 500 |
| 044883/07.03.17 | 8750 |

വൈകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതും മേൽ ചെക്കുകൾ എത്രയും പെട്ടെന്ന് വരവു വെക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 തനതു ഫണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകൾ-ബാങ്ക് ബുക്ക്,ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ ശരിയായി സൂക്ഷിക്കുന്നില്ല

1) 01.04.2017 മുതൽ 31.03.18 വരെ തനതു ഫണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകളുമായി ബന്ധപ്പെട്ട ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്റർ, പാസ് ബുക്ക് (TDCB ചാവക്കാട്) എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് | ബാങ്ക് ബുക്ക് ,ചെക്ക് ഇഷ്യൂ | പാസ് ബുക്ക് |
|---|---|---|

| നം/തീയതി | രജിസ്റ്റർ പ്രകാരമുള്ള തുക | പ്രകാരമുള്ള തുക |
|---|---|---|
| 661325/22.05.17 | 5438 | 123200 |
| 661428/25.08.2017 | 1965 | 5552 |

ആയതിനോടനുബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.25 / 31/10/18) ചെക്ക് നമ്പർ രേഖപ്പെടുത്തിയതിലുള്ള തെറ്റാണിതെന്ന് മറുപടി നൽകിയിട്ടുണ്ട്. ചെലവു വിശദാംശങ്ങളും നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2)പ്രതിദിന പിൻവലിക്കലുകൾ യഥാസമയം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഉദാഹരണത്തിന്

| ചെക്ക് നം | പിൻവലിച്ച തീയതി<br>പാസ്സ് ബുക്ക് പ്രകാരം | പിൻവ ലിച്ചതീയതി<br>ബാങ്ക് ബുക്ക് പ്രകാരം |
|---|---|---|
| 661321 | 23.05.17 | 20.06.17 |
| 661310 | 06.05.17 | 17.07.17 |
| 661309 | 04.05.17 | 20.06.17 |

ബാങ്ക് ബുക്കുകളിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

## 2-8 വാടക- രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

പഞ്ചായത്തു വക കെട്ടിടം അക്ഷയ കേന്ദ്രം നടത്തുന്നതിനായി വാടകക്ക് നൽകിയിട്ടുണ്ട്. മേൽ കെട്ടിടം വാടകക്ക് നൽകിയതിനോടനുബന്ധിച്ച അംഗീകരിച്ച ബൈലോ, വാടക കരാർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 11/27.10.18). ആയതിനാൽ വാടക ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. വാടക രജിസ്റ്റർ പ്രകാരം 2017ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വാടക മാത്രം ഈടാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 2-9 ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസമാഹരണം ആരംഭിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ.31.7.17-ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ആയതനുസരിച്ച് ഒരുമനയൂർ പഞ്ചായത്ത്, കേരള ഗ്രാമീൺ ബാങ്ക്, ചാവക്കാട് ശാഖയിൽ 6.6.2018ൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (a/c no.403041010224469). എന്നാൽ നാളിതുവരെയായി ഭവനനിധിയിലേക്ക് ധനസമാഹരണം ആരംഭിച്ചിട്ടില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ

പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-10 കളക്ഷൻ തുക അടവാക്കിയതിൽ വ്യത്യാസം -ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി.

കളക്ഷൻ രസീതി പുസ്തകം നം.5880 രസീതി നം 6 /18.05.17 പ്രകാരം മുഹമ്മദ് ജംഷീർ & ഷെമീർ എന്നവരിൽ നിന്നും 540/- രൂപ വസ്തു നികുതി ഈടാക്കിയിരുന്നു. എന്നാൽ ഡേബുക്ക് പ്രകാരം പ്രസ്തുത തുക അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിയെ(10/27.10.18) തുടർന്ന് 30/10/18ലെ രശീതി നംപർ 118080101580 പ്രകാരം 540/- രൂപ അടവാക്കി.

## 2-11 പെർമിറ്റ് രജിസ്റ്റർ-അപാകതകൾ

2014-15 മുതലുള്ള ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, കെട്ടിട നിർമ്മാണം പൂർത്തിയായ തീയതി, പെർമിറ്റ് കാലഹരണപ്പെട്ട് പുതിയ പെർമിറ്റിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, വസ്തു നികുതി അസസ്സ്മെന്റ് നമ്പർ എന്നിവ രേഖപ്പെടുത്തികാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ എത്ര വരുമാന നഷ്ടമുണ്ടെന്ന് തിട്ടപ്പെടുത്താൻ ഓഡിറ്റിന് കഴിയുന്നില്ല.

## 2-12 വെറ്ററിനറി ഓഫീസിലെ രസീതുകൾ പ്രകാരമുള്ള കളക്ഷനിലെ അപാകതകൾ

(1) കളക്ഷൻ തുക പഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം .

വെറ്ററിനറി ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി വിവിധ രശീതികൾ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കിയതിൽ കാലതാമസം വന്നതായി കാണുന്നു.

| രശീതി നം | കളക്ഷൻ തിയ്യതി | അടവാക്കിയ തിയ്യതി | തുക/സാംഖ്യ രശീതി നം |
|---|---|---|---|
| 5887/1 മുതൽ 37 വരെ | 23-11-2017 | 16-12-17 | 18500/117080101649 |

വരവു തുക അന്നേ ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസമോ അടവാക്കേണ്ടതാണെന്നിരിക്കെയാണ് 23 ദിവസം വൈകി തുക അടവാക്കിയിരിക്കുന്നത്.

(2) രശീതിയിലെ രേഖപ്പെടുത്തിയ തീയ്യതിക്ക് മുൻപായി തുക അടവാക്കിയതായി കാണുന്നു.

| രശീതി നം | കളക്ഷൻ തീയ്യതി | അടവാക്കിയ തീയ്യതി | തുക/സാംഖ്യ രശീതി നം |
|---|---|---|---|

| | | | |
|---|---|---|---|
| 5888/ 16മുതൽ 19 വരെ | 24-3-2018 | 9-3-2018 | 28000/117080103285 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തീയ്യതികളിലെ വ്യത്യാസം clerical mistake മൂലമാണെന്നാണ് മറുപടി നൽകിയത്.

ഇത്തരം അപാകതകൾ ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## 2-13 വാണിജ്യാവശ്യത്തിന് പെർ മിറ്റ് അനുവദിച്ച കെട്ടിടത്തിലെ വസ്തു നികുതി നിർണ്ണയം-അപാകതകൾ

പെർമിറ്റ് നമ്പർ A1-3885/15 തീയ്യതി 12.05015 പ്രകാരം അബ്ദുൾ ലത്തീഫ്& സുഹറ,അമ്പലത്ത് വീട്ടിൽ, തൈവളപ്പിൽ എന്നവർക്ക് 576.06 M2 വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ടി കെട്ടിടത്തിൻെറ കംപ്ളീഷൻ സർട്ടിഫിക്കറ്റ്, ഓവർസിയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം 679.77 m2 കെട്ടിടം പൂർത്തിയായതായും ആയതിന് 2016-17 വർഷത്തിൽ 7/268A മുതൽ 268D എന്നിവയ്ക്ക് വാണിജ്യാവശ്യത്തിനും 2017-18 വർഷത്തിൽ 268 G എന്ന് രേഖപ്പെടുത്തി പീടിക മുറിയ്ക്ക് നമ്പർ അനുവദിച്ചിരിയ്ക്കുന്നു. 268 E, F എന്നിവയ്ക്ക് പാർപ്പിടം എന്ന രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചും കാണുന്നു. എന്നാൽ ഉപയോഗ ക്രമം മാറ്റുന്നതിന് അപേക്ഷ ലഭിച്ചതായോ മറ്റ് നടപടികളെടുത്തതായോ ഫയലിൽ രേഖയില്ല. മേൽ പ്രകാരം 679.77 ന് വാണിജ്യാവശ്യത്തിന് ഉള്ള കെട്ടിടങ്ങൾക്കുള്ള വസ്തു നികുതിയായ 60/- രൂപ നിരക്കിൽ ഈടാക്കേണ്ടതിന് പകരം ആയതിൽ 219.53 ന് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതിയായ 6/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. പെർമിറ്റിൽ നിന്നും വ്യത്യസ്തമായി മറ്റൊരു ഉപയോഗം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുക വഴി പഞ്ചായത്തിന് വരുമാനം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വസ്തു നികുതി പുനർനിർണ്ണയം ചെയ്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
7/268 A മുതൽ 268 G വരെയും, കെട്ടിട ഭാഗങ്ങളെ ഒരൊറ്റ കെട്ടിടമായി കണക്കാക്കി നിർണ്ണയിക്കുകയാണ് ചെയ്യേണ്ടത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203(9) പ്രകാരം ഒരു കെട്ടിടത്തിൻെറ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിച്ചിരിയ്ക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിൻെറ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് വസ്തു നികുതി പ്രത്യേകം കണക്കാക്കേണ്ടത്. അല്ലാത്തപക്ഷം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയിക്കേണ്ടതാണ്. മേൽ പറഞ്ഞ കെട്ടിടത്തിൻെറ ഓരോ ഷോപ്പ് റൂമിനും വെവ്വേറെ വസ്തുനികുതി കണക്കാക്കിയിരിയ്ക്കുന്നു.( അപാകതകൾ എൻക്വയറി നം 24/17-18 തീയ്യതി 30.10.17 പ്രകാരം സെക്രട്ടറിയ്ക്ക് നൽകിയിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല.)

## 2-14 കെ പി ബി ആർ വ്യവസ്ഥകൾ പാലിക്കാതെയുള്ള കെട്ടിട നിർമ്മാണം-റഗുലറൈസേഷൻ ഫീസ് ഈടാക്കി കെട്ടിട നമ്പർ അനുവദിച്ചു.

അബ്ദുൾ ലത്തീഫ്, കറുപ്പം വീട്ടിൽ, ഒരുമനയൂർ എന്ന വ്യക്തി പെർമിറ്റ് എടുക്കാതെ നിർമ്മിച്ച 239.62M2 വാസഗൃഹത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കി കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി ഈടാക്കിയിട്ടുണ്ട് (കെട്ടിട നമ്പർ-12/104/B). ടി ഫയൽ പരിശോധിച്ചതിൽ കെ പി ബിആർ വ്യവസ്ഥകളുടെ ലംഘനം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ ഉ നം (എം എസ്)174/2016 ത.സ്വ.ഭ.വ തീയ്യതി 23-11-16 പ്രകാരം kpbr ലംഘനമുള്ള

1500 sq feet വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രമെ Uaനമ്പർ അനുവദിയ്ക്കാൻ കഴിയൂ എന്ന വിവരം കാണിച്ച് അനധികൃത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യാനുള്ള ഉത്തരവ് സർക്കാർ ഭാവിയിൽ പുറപ്പെടുവിയ്ക്കും എന്ന് അനുമാനിച്ച് ടിയാനിൽ നിന്നും റഗുലറൈസേഷൻ ഫീസ് ഈടാക്കി കെട്ടിട നമ്പർ അനുവദിച്ച സെക്രട്ടറിയുടെ നടപടി ക്രമ പ്രകാരമല്ല. കേരള പഞ്ചായത്ത് രാജ് Act സെക്ഷൻ 235 AA പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-15 വസ്തു നികുതി -പെർമിറ്റ്എടുക്കാതെ കെട്ടിട നിർമ്മാണം റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്.

പെർമിറ്റ് എടുക്കാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ താഴെ പറയുന്നവരിൽ നിന്നും റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| വ്യക്തിയുടെപേര് | കെട്ടിടത്തിൻെറ വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീസ് | ആകെ ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| ജോസഫ് ,&ലൈജ,എടക്കളത്തൂർ | 115.68 | 347.04 | 694.08 | 1041 | 694 | 347 |
| രുഗ്മിണി,w/ o ശിവദാസൻ,ഒറ്റതെങ്ങ് | 105.11 | 315.33 | 630.66 | 945.91 | അടവാക്കിയിട്ടില്ല | 946 |
| മുഹമ്മദാലി, നാലകത്ത് , ഒരുമനയൂർ | 22.1(വാണിജ്യം) | 110.5 | 221 | 331.5 | വിവരം ലഭ്യമല്ല | 332 |
| ആകെ | | | | | | 1625 |

തുക ഈടാക്കാൻ നടപടികളെടുക്കേണ്ടതാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം, ചട്ടം 135(3), (4) എന്നിവ പ്രകാരം ക്രമ വൽകരണ നടത്തേണ്ടുന്ന സംഗതികളിൽ പെർമിറ്റ് ഫീസിനൊപ്പം ആയതിൻെറ ഇരട്ടി രാജിയാക്കൽ ഫീസ് ആയി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സങ്കേതം സോഫ്റ്റ് വെയറിൽ ഇരട്ടി റഗുലറൈസേഷൻ ഫീസ് മാത്രമാണ് ഈടാക്കുവാൻ സാധിയ്ക്കുന്നത്. പെർമിറ്റ് ഫീസ് ഈടാക്കുവാൻ കഴിയുന്നില്ല. അപാകത പരിഹരിയ്ക്കേണ്ടതാണ്.

## 2-16 വസ്തു നികുതിയോടൊപ്പം സേവന ഉപ നികുതി ചുമത്തുന്നില്ല

2011 ലെ കേരള പഞ്ചായതത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിൻെറയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിൻെറ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. വരുമാനം കുറഞ്ഞ പഞ്ചായത്ത് എന്ന നിലക്ക് സേവന ഉപനികുതി സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്താവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കരാറുകാരൻ എഗ്രിമെന്റിലേർപ്പെട്ടു - പ്രവൃത്തി നിർവ്വഹിച്ചില്ല.

2016-17 വർഷം ടെണ്ടർ നടത്തിയ 5 പ്രവൃത്തികളിൽ കരാറുകാരനായ ശ്രീ. കെ.വി.അബ്ദുൾകാദർ സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി എന്നിവ അടവാക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. തുടർന്ന് ഈ പ്രവൃത്തികൾ 2017-18 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി മറ്റ് കരാറുകാരെക്കൊണ്ട് നിർവ്വഹിക്കുകയായിരുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോ.നം/ പ്രവൃത്തിയുടെ പേര് | ഇ.എം.ഡി | എസ്.ഡി. | എഗ്രിമെന്റ് തീയ്യതി |
|---|---|---|---|---|
| 1. | 17/17-ഇല്ലത്തുംപള്ളി റോഡ് കാന നിർമ്മാണം | 8800 | 9500 | 22/2/17 |
| 2. | 24/17- വിവിധ വാർഡുകളിലെ സ്ലൂയിസുകളുടെ സംരക്ഷണം | 3300 | 5150 | 30/1/17 |
| 3 | 29/17- അംഗൻവാടികളുടെ മുൻപിൽ കൊടിമരം നിർമ്മാണം | 1300 | മുകളിലെ 5150 രൂപയിൽ ഉൾപ്പെടുന്നു | 30/1/17 |
| 4 | 94/17- ബാലൻ റോഡ് നിർമ്മാണം | 1800 | 1875 | 24/3/17 |
| 5 | 97/17- തേരോടി എസ് സി കോളനി റോഡ് കാന നിർമ്മാണം | 3750 | 3750 | 24/3/17 |
| | ആകെ | 18950 | 20275 | |

പഞ്ചായത്ത് ഭരണസമിതിയുടെ 1/8/17 ലെ തീരുമാനം നം.14(2)/17 പ്രകാരം വീഴ്ച വരുത്തിയ കരാറുകാരന്റെ കരാറ് റദ്ദ് ചെയ്യുന്നതിനും ടിയാൻ അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി എന്നിവ മുതൽക്കൂട്ടുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരേയായി ഈ തീരുമാനം നടപ്പാക്കിയിട്ടില്ല. മേൽ തുകകൾ എത്രയും വേഗം മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

### 3-2 അംഗൻവാടി നം 43 – നിർമ്മാണവും ഉദ്ഘാടനവും കഴിഞ്ഞ് ഒരു വർഷമായിട്ടും കറന്റ് കണക്ഷൻ, കുടിവെള്ള സൌകര്യമില്ല.

പ്രോജക്റ്റ് നം. - 18/18

കരാറുകാരൻ - പി.പി.സുനിൽകുമാർ

എം.ബുക്ക് നം. - 11/17-18

ട്രഷറി ബിൽ നം. -22/28-9-17 Rs.2,05,247/-
ട്രഷറി ബിൽ നം. -21/28-9-17 Rs.6,00,000/-

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനായി 55,000/- ലംപ്സം ആയി വകയിരുത്തിയിരുന്നുവെങ്കിലും പ്രവൃത്തി നിർവ്വഹിച്ചിരുന്നില്ല. ഒരു വർഷത്തിനുമുൻപ് അംഗൻവാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് ഇപ്പോഴും പ്രവർത്തിച്ച് വരുന്നുണ്ടെങ്കിലും 30-10-18 ന് നടത്തിയ ഭൗതിക പരിശോധനയിൽ മേൽ സ്ഥാപനത്തിൽ ഇപ്പോഴും കറന്റ് കണക്ഷൻ, കുടിവെള്ള സൗകര്യം എന്നിവയില്ല എന്ന് ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ മേൽ പറഞ്ഞ സൗകര്യങ്ങൾ എത്രയും വേഗം ഏർപ്പെടുത്തുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 പഞ്ചായത്ത് വക സ്ഥലം - വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല.

ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ആസ്തി നമ്പർ 171310050000000005 ആയി 3Are 64m$^2$ സ്ഥലം പഞ്ചായത്തിന്റേതായി നിലവിലുള്ളതായി കാണുന്നു. ജനറൽ വിഭാഗത്തിൽപ്പെട്ട ദുർബ്ബലവിഭാഗക്കാർക്ക് വീടുനിർമ്മിക്കുന്നതിനായി വർഷങ്ങൾക്ക് മുൻപ് പഞ്ചായത്ത് വാങ്ങിയതാണ് ഈ സ്ഥലം. 30.10.18 ന് നടത്തിയ ഭൗതിക പരിശോധനയിൽ ഇവിടെ 15 സെന്റോളം സ്ഥലം ഉള്ളതായും ഇവിടെ രണ്ട് വീടുകളുടെ നിർമ്മാണം നടന്നുവരുന്നതായും കണ്ടു. എന്നാൽ ഇവർക്ക് ഭൂമി അനുവദിച്ചതുമായി ബന്ധപ്പെട്ട കമ്മറ്റി തീരുമാനമോ മറ്റ് വിവരമോ എവിടേയും രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട ആസ്തി രജിസ്റ്ററുമായുള്ള വൈരുദ്ധ്യം പരിശോധിച്ച് അതിരുകൾ കൃത്യമായി നിർണ്ണയിച്ച് ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വീട് വാസ യോഗ്യമാക്കൽ(എസ്.സി.പി)-ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്റ്റ് – വീട് വാസ യോഗ്യമാക്കൽ(എസ്.സി.പി)

പ്രോജക്റ്റ് നമ്പർ -49/18

ബിൽ നമ്പർ -9/17-18 തീ.13/3/18,തുക -300000/-

നിർവ്വഹണം -വി.ഇ.ഒ ,ഒരുമനയൂർ സർക്കിൾ

മേൽ പദ്ധതിയുടെ ഗുണഭോക്താവായ ലളിത, തേർ വീട്ടിൽ (V1/124) എന്നവർക്ക് വീട് വാസയോഗ്യമാക്കുന്നതിനായി 50,000/- രൂപ മുൻകൂർ നല്കി (SBI,Orumanayoor, a/c no.016805000009757)കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ആയതിൽ പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല. നാളിതുവരെ പ്രവർത്തി പൂർത്തിയാക്കി അസി.എഞ്ചിനീയർ വാല്യുവേഷൻ നടത്തി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ നല്കിയ 50,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പ്ര 18/29.10.18)

## 3-5 തെരുവുവിളക്ക് പരിപാലനം -അപാകതകൾ

2017-18ൽ തെരുവുവിളക്ക് പരിപാലനത്തിനായി 2പദ്ധതികളാണ് സെക്രട്ടറി നടപ്പാക്കിയത്.

1.S044/18- തെരുവുവിളക്ക് മെയിന്റൻസ്

ബിൽ നം.41/21.2.18- 2,00,025/-രൂപ കരാറുകാരന് (അബ്ദുൾകബീർ) നൽകിയിട്ടുണ്ട്. വിളക്കുകൾ നന്നാക്കിയതായി കരാറുകാരൻ സമർപ്പിച്ച അപേക്ഷപ്രകാരം തുക അനുവദിച്ചു. പോസ്റ്റ് നം., വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, ഏത് കാലയളവ്, എന്നീ വിവരങ്ങൾ ഇല്ല.

പഞ്ചായത്തിലെ പരാതി രജിസ്റ്റർ, തെരുവുവിളക്കുകളുടെ ആസ്തി രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകതകൾ

1. പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല. ഇതിന്റെ അടിസ്ഥാനത്തിൽ അല്ല ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

2.ഐ.ടി.ആക്ട് 1961 സെക്ഷൻ 194(സി) പ്രകാരം കരാറുകാരിൽ നിന്നും 2 % നിരക്കിൽ ആദായനികുതി ഈടാക്കി കാണുന്നില്ല.

3. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല.

4.തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് കരാറുകാരൻ എന്തെങ്കിലും സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

5. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

6. തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ഒന്നും രേഖപ്പെടുത്തി കാണുന്നില്ല.

2.S091/18-തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും.

ഈ പദ്ധതിയുടെ ടെണ്ടറിൽ എത്ര എണ്ണം വേണം എന്ന് ചേർത്തിട്ടില്ല. എന്നാൽ ടെണ്ടർ സമർപ്പിച്ച പട്ടത്ത് ഏജൻസീസ് 176എണ്ണം 15WLED വിളക്കുകൾക്കും, ജിന്റോ എന്ന വ്യക്തി 170 വിളക്കുകൾക്കും ആണ് ടെണ്ടർ സമർപ്പിച്ചത്. ഇവർ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ റീടെണ്ടർ ചെയ്തു. 2ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. പട്ടത്ത് ഏജൻസീസ് പഴയ നിരക്ക് ക്വോട്ട് ചെയ്തു. ബിൽ നം.40/17-18/18.1.18-74,799/-രൂപ ചെലവഴിച്ച് 176എണ്ണം 15WLEDവിളക്കുകൾ വാങ്ങി. ഇവ ഫിറ്റ് ചെയ്യുന്നതിനായി വീണ്ടും ടെണ്ടർ ക്ഷണിച്ചതായി കാണുന്നു. ആയത് പ്രകാരം A K Electricals എന്ന സ്ഥാപനത്തിന് ബിൽ നം.03/18-19/23.5.18-10,690/-രൂപ നൽകി. എന്നാൽ എവിടെ ഏത് പോസ്റ്റിൽ ഫിറ്റ് ചെയ്തു എന്ന് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാങ്ങിയ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി

കരാറുകാരന് കൈമാറിയതിന്റെ രേഖകൾ ഇല്ല.

ഒരേ പദ്ധതിക്കായി രണ്ട് ടെണ്ടറുകൾ ക്ഷണിച്ചതിന്റെ കാരണം വ്യക്തമല്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 166വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക) ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഈ വിഷയത്തിൽ പഞ്ചാത്ത് കമ്മറ്റിയുടെയും, വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും, അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 ലാപ്പ്ടോപ്പിന് അധിക തുക ചെലവഴിച്ചു

സെക്രട്ടറി നടപ്പാക്കിയ S073/18- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് എന്ന പദ്ധതിക്കായി ബിൽ നം.53/17-18/28.2.18- 4,48,200/-രൂപ ചെലവഴിച്ച് CQUBE, ചാവക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് 18 ലാപ്പ്ടോപ്പ് വാങ്ങി.

ടെണ്ടർ സമർപ്പിച്ചപ്പോൾ ഈ സ്ഥാപനം ഒരു ലാപ്പ്ടോപ്പിന് 24,900/-രൂപ കാണിച്ചെങ്കിലും 07/12/17ലെ നെഗോസിയേഷൻ പ്രകാരം തുക 23,500/- ആയി കുറച്ചു. എന്നാൽ സ്ഥാപനത്തിന് തുക നൽകിയപ്പോൾ ആയത് പരിഗണിക്കാതെ 18 ലാപ്പ്ടോപ്പിന് 24,900/-രൂപ വീതം 4,48,200/-രൂപ നൽകി. അധികച്ചെലവ് 25,200/- (24900*18–23500*18)രൂപ തിരികേ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 3-7 കമ്മ്യൂണിറ്റി ഹാൾ ഖരമാലിന്യസംസ്കരണപ്ലാന്റ്

പദ്ധതി നടത്തിപ്പിലെ അപാകതകൾ.

സെക്രട്ടറി നടപ്പാക്കിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണപ്ലാന്റ് ( ഇൻസിനിനേറ്റർ) സ്ഥാപിക്കുന്നതിനായി ടെണ്ടർ സമർപ്പിച്ചത് 3 സ്ഥാപനങ്ങളാണ്.

| സ്ഥാപനം | ക്വോട്ട് ചെയ്ത തുക |
|---|---|
| AN എഞ്ചിനീയറിംഗ് കൺസോർഷ്യം,മലപ്പുറം | 410000 |
| ഹിന്ദുസ്ഥാൻ ട്രേഡിംഗ്കമ്പനി, മലപ്പുറം | 535000 |
| എക്കോടെക് സൊലൂഷൻസ്, കൊച്ചി | 471100 |

പഞ്ചായത്ത് ഭരണസമിതിയുടെ 30.3.17ലെ 1(4)തീരുമാനപ്രകാരം AN എഞ്ചിനീയറിംഗ് കൺസോർഷ്യം, മലപ്പുറം എന്ന സ്ഥാപനത്തെ 410000 രൂപക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ച് തെരഞ്ഞെടുത്തു.

1.Outer Clading steel നിർമ്മാണം നടത്തണം.

2.RCCBasement Civil Work

3.Pipe length 13മീറ്റർ ഉയരം

4.2വർഷം വാറന്റി

5.AMCക്ക് വാറന്റി കാലഘട്ടം കഴിഞ്ഞാൽ സ്ഥാപനം തന്നെ മുൻകയ്യെടുക്കണം

ടെണ്ടർ നോട്ടീസ് പ്രകാരം എല്ലാ നികുതികളും ഉൾപ്പെടെ പഞ്ചായത്ത് ആവശ്യപ്പെടുന്ന സ്ഥലത്ത് സപ്ലൈ

ചെയ്യുന്നതിനാണ് നിരക്ക് ക്വോട്ട് ചെയ്യേണ്ടത്.എന്നാൽ AN എഞ്ചിനീയറിംഗ് കൺസോർഷ്യം എന്ന സ്ഥാപനത്തിന് ക്വോട്ട് ചെയ്ത നിരക്കിന് പുറമെ 5% GST കൂടി നൽകിയതായി കാണുന്നു.

സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.A1/1.5.17 പ്രകാരം 430500രൂപയുടെ ബില്ലാണ് ഹാജരാക്കിയത്. ആയത് അനുസരിച്ച് തുക നൽകി.

ബിൽ നം.13/17-18/16.8.17–230500

ബിൽ നം.12/17-18/14.8.17–200000

സപ്ലൈ ചെയ്ത സ്ഥാപനത്തിന് തുക നൽകുമ്പോൾ ക്വോട്ട് ചെയ്ത തുക തന്നെയാണ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മാത്രമല്ല ഭരണസമിതി ചെയ്യണം എന്നാവശ്യപ്പെട്ട പ്രവൃത്തികൾ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ ഇല്ല. ശുചിത്വമിഷന്റെയോ, സംസ്ഥാനമലിനീകരണനിയന്ത്രണ ബോർഡിന്റെയോ അനുമതി പത്രങ്ങൾ ഫയലിൽ ഇല്ല.

AN എഞ്ചിനീയറിംഗ് കൺസോർഷ്യം എന്ന സ്ഥാപനമാണ് പ്ലാന്റ് സപ്ലൈ ചെയ്തത്. എന്നാൽ പ്ലാന്റിൽ ഹിന്ദുസ്ഥാൻ ട്രേഡിംഗ്കമ്പനി, മലപ്പുറം എന്ന പേരാണ് ഉള്ളത്. മാത്രമല്ല പ്ലാസ്റ്റിക് കത്തിക്കുവാൻ പാടില്ല എന്ന നിർദ്ദേശം പ്ലാന്റിൽ കമ്പനി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്ലാസ്റ്റിക് കത്തിച്ചതായി കാണുന്നു. സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സപ്ലൈ ചെയ്ത സ്ഥാപനങ്ങൾ തുക ക്വോട്ട് ചെയ്യുന്നതിൽ നികുതികളുടെയോ, ട്രാൻസ്പോർട്ടേഷന്റെയോ വിവരം പ്രത്യേകം ചേർക്കാത്ത സാഹചര്യത്തിൽ മറ്റ് ചാർജ്ജുകൾ ഒന്നും തന്നെ നൽകേണ്ടതില്ല. മാത്രമല്ല യൂണിറ്റ് പ്രവർത്തിപ്പിക്കുമ്പോൾ കമ്പനി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 3-8 എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം-അപാകതകൾ

സെക്രട്ടറി നടപ്പാക്കിയS068/18-5,6,7 ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം എന്ന പദ്ധതിക്കായി 86,702/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം.-- 43/17-18/30.1.18-- 70,000/-

ബിൽ നം.-- 44/17-18/30.1.18-- 16,702/-

ഫിഡ്കോ എന്റർപ്രൈസസ്,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് 26 മേശ,കസേര എന്നിവ വാങ്ങിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം 80/2017/ത.സ്വ.ഭ.വ തീയതി 03.04.2017പ്രകാരം മരം/സ്റ്റീൽ ഫർണ്ണിച്ചർ മാത്രമേ വാങ്ങാവൂ. എന്നാൽ ഈ പദ്ധതിക്കായി വാങ്ങിയത് നാഷണൽ കമ്പനിയുടെ ഫൈബർ കസേരകളാണ്. പദ്ധതി നടപ്പാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-9 (1) പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ

പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - ടാപ്പുകളുടെ എണ്ണത്തിൽ കൃത്യത ഇല്ല.
വാട്ടർ അതോറിറ്റി 270 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 1,18,125/- രൂപയാണ് ഡിമാന്റ് ചെയ്തിരുന്നത്. വെള്ളക്കരം ഇനത്തിൽ തുക അടവാക്കിയത് രണ്ട് രീതിയിലാണ്.

a) തനതുഫണ്ടിൽ നിന്നും തുക അടവാക്കിയ വിവരം.

| വൗച്ചർ നം | തുക |
|---|---|
| 21700039/24.4.17 | 118125 |
| 21700061/8.6.17 | 118125 |

b) കൂടാതെ സെക്രട്ടറി നടപ്പാക്കിയപദ്ധതി S043/18 – പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ പ്രകാരം

ബിൽ നം.21/17-18/ 29.8.17- 2,59,000/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകി. (ഡിമാന്റ് നോട്ടീസിൽ ജൂലൈ 2017മാസത്തെ തുക 1,18,125/-, കുടിശ്ശിക 2,38,613/- രൂപയും പിഴ 4,725/- രൂപയും ചേർത്തിട്ടുണ്ട്.)

(2) സെക്രട്ടറി നടപ്പാക്കിയ S034/18- KWA ഗാർഹികകണക്ഷൻ നൽകലും ലൈൻ നീട്ടലും എന്ന പദ്ധതി പ്രകാരം ഗാർഹികകണക്ഷൻ നൽകുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം.- 09/WB/16-17/30.3.17-- 719065

ബിൽ നം.- 25/17-18/19.10.17-- 1752726

ബിൽ നം.- 37/17-18/18.1.18-- 909862

ബിൽ നം.- 34/17-18/18.1.18-- 550000

മേൽപ്രകാരം തുക വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

320ഗാർഹികകണക്ഷൻ നൽകലും ലൈൻ നീട്ടലുമായിരുന്ന പദ്ധതി. ഈയിനത്തിൽ എത്ര കണക്ഷൻ നൽകി എന്ന് വ്യക്തമല്ല. ആയതനുസരിച്ച് പൊതുടാപ്പുകൾ ഒഴിവാക്കുകയും ചെയ്യണം. ഓരോ വാർഡിലെയും ഒഴിവാക്കിയ ടാപ്പുകളുടെ എണ്ണം, പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ തുക കുറവുവരുത്തിയതിന്റെ വിവരം ഇല്ല. ഭരണസമിതിയുടെ കണക്കും, വാട്ടർ അതോറിറ്റിയുടെ കണക്കും പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്ത് ഭരണസമിതിയുടെ 20.3.18 ലെ 6(2) തീരുമാനപ്രകാരം വെള്ളക്കരം ഇനത്തിൽ തൻമാസഡിമാന്റ് 82,250/- രൂപയും പിഴയും കുടിശ്ശികയും ഉൾപ്പെടെ 7,26,114/- രൂപ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടതായും കുറവ് ചെയ്ത ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റി കൃത്യമാക്കാതെ വെള്ളക്കരവും പിഴപ്പലിശയും അടവാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. മാത്രമല്ല പൊതുടാപ്പുകളുടെ എണ്ണം 270 എണ്ണത്തിൽ നിന്ന് 188 ആക്കി കുറച്ചിട്ടുണ്ട്. എന്നാൽ ഗുരുവായൂർ KWAഅസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പ്രകാരം 108 ടാപ്പുകളാണ് കട്ട് ചെയ്തിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. തൻപ്രകാരം 162 ആണ് ടാപ്പുകളുടെ എണ്ണം എന്ന് കമ്മറ്റി വിലയിരുത്തി. കുറവ് ചെയ്ത ടാപ്പുകളുടെ എണ്ണം കൃത്യമാക്കി പിഴപ്പലിശ ഒഴിവാക്കുന്ന മുറക്ക് വെള്ളക്കരം ഒടുക്കിയാൽ മതിയെന്നും തീരുമാനിച്ചു. ഇക്കാര്യത്തിന് വാട്ടർ അതോറിറ്റിക്ക് കത്തെഴുതാനും തീരുമാനിച്ചു.

പൊതുടാപ്പുകളുടെ എണ്ണം കൃത്യമാക്കി ലഭിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്തെഴുതി സംയുക്തപരിശോധന നടത്തേണ്ടതാണ്. വെള്ളക്കരം അടവാക്കാൻ വൈകുന്നത് പലിശ ഇനത്തിൽ വൻബാധ്യത വരുത്തുമെന്നതിനാൽ ഇക്കാര്യത്തിൽ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയായി പഞ്ചായത്ത് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

# 3-10 KSEB സ്ട്രീറ്റ് മെയിൻവലിക്കൽ -അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ S104/18- KSEB സ്ട്രീറ്റ് മെയിൻവലിക്കൽ

പദ്ധതിക്കായി ബിൽ നം.59/23.3.18 -590037രൂപ കെ എസ് ഇബിയിൽ അടവാക്കിയിട്ടുണ്ട്.

| സ്ഥാപനം | അടവാക്കിയ തുക |
|---|---|
| KSEB മണത്തല ബീച്ച്സെക്ഷൻ, ചാവക്കാട് | 481842 |
| KSEB,ചാവക്കാട് | 108195 |

പോസ്റ്റ് മാറ്റുന്നതിനായി ബിൽ നം.58/23.3.18പ്രകാരം 8,971/-രൂപ KSEBക്ക് നൽകിയിട്ടുണ്ട്.

അപാകതകൾ

1.എത്ര മീറ്റർ നീളത്തിൽ എവിടെയൊക്കെ ലൈൻ വലിക്കണമെന്ന് പ്രോജക്ടിൽ ഇല്ല.

2.സാങ്കേതികാനുമതി ഫയലിൽ ഇല്ല.

3.വിനിയോഗവിവരം ലഭിച്ചിട്ടില്ല. .

4.KSEB മണത്തല ബീച്ച്സെക്ഷൻ, ചാവക്കാട് വിശദമായ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.

5.പോസ്റ്റ് മാറ്റുന്നതിനായി ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ ഒരേ ഇനങ്ങൾക്ക് വ്യത്യസ്തനിരക്കുകൾ ചേർത്തതായി കാണുന്നു.

| ഇനം | ബീച്ച് സെക്ഷൻ | ചാവക്കാട് സെക്ഷൻ |
|---|---|---|
| Stranded wire 7/2.5 | 70.15 | 80 |
| Stay Rod GI 16mm LT | 247 | 249.47 |

ഇത്തരത്തിൽ വ്യത്യസ്തനിരക്കുകൾ ചേർക്കുവാനുണ്ടായ സാഹചര്യം KSEB വ്യക്തമാക്കിയിട്ടില്ല.

പദ്ധതിക്കായി തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ സ്ഥാപനം എല്ലാ വിവരങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-11 വനിതാവികസനകോർപ്പറേഷനിൽ നിന്ന് തുക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് ഭരണസമിതിയുടെ 11.7.17 ലെ 24/17നം. തീരുമാനപ്രകാരം പ്രോജക്ട് നം.67/17-സ്കൂളുകളിൽ സാനിറ്ററിനാപ്കിൻ വിതരണവും ഇൻസിനറേറ്റർ സ്ഥാപിക്കലും എന്ന സെക്രട്ടറി 2016-17 ൽ നടപ്പാക്കിയ പദ്ധതിക്കായി 1,03,659/-രൂപ (ബിൽ നം. 19/20.10.16) സംസ്ഥാന വനിതാവികസന കോർപ്പറേഷനിൽ അടവാക്കിയതായി ചേർത്തിട്ടുണ്ട്. എന്നാൽ ജില്ലാപഞ്ചായത്ത് ഈ പ്രവൃത്തി ചെയ്തിട്ടുള്ളതിനാൽ സ്കൂളുകൾക്ക് ഈ സംവിധാനം നിലവിൽ ആവശ്യമുണ്ടോ എന്ന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സംവിധാനം ആവശ്യമില്ലെങ്കിൽ വനിതാവികസനകോർപ്പറേഷനിൽ നിന്ന് തുക ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ തീരുമാനത്തിൻമേൽ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ സ്കൂളുകളിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കി തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് ഈടാക്കുന്നതിന് ശിപാർശ ചെയ്യുന്നതാണ്.

## 3-12 ഓണം അഡ്വാൻസ് നാളിതുവരെ ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സെപ്റ്റംബർ 2016 ശ്രീ.മുഹമ്മദ് ഫാറൂഖിന് നൽകിയ ഓണം അഡ്വാൻസ് 15,000/- രൂപയിൽ( വൗച്ചർ നം.21600267/5.9.16 - 1,85,000/-രൂപ ) 12,000/-രൂപ നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല. തുക കൈപ്പറ്റിയ ശ്രീ.മുഹമ്മദ് ഫാറൂഖ് എന്ന ജീവനക്കാരൻ ഇപ്പോൾ ഈ പഞ്ചായത്തിൽ ജോലി ചെയ്യുന്നില്ല. നിലവിൽ ജീവനക്കാരൻ ജോലി ചെയ്യുന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓ.എ 14/27.10.2018).

## 3-13 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഓരോ ഇനങ്ങൾക്കും പ്രത്യേകം പേജ് നമ്പർ ചേർത്ത് സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ ബിൽ നം., തീയതി എന്നിവ ചേർക്കുന്നില്ല. വിതരണവിവരം കൃത്യമായി ചേർക്കുന്നില്ല. ഓരോ ഇനങ്ങൾ വാങ്ങുമ്പോൾ ബിൽ നം., തീയതി എന്നിവ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. വിതരണം ചെയ്യുമ്പോൾ കൈപ്പറ്റിയ വ്യക്തിയുടെ രസീത് വേണ്ടതാണ്. സ്റ്റോക്കിന്റെ മൂല്യം കൂടി ചേർത്ത് രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

കമ്പ്യൂട്ടർ, അനുബന്ധഉപകരണങ്ങൾക്കായി സർക്കുലർ നം.86/2010/ഫിൻ തീയതി 24.9.2010 പ്രകാരം സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവക്ക് പ്രത്യേകസ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്വതന്ത്രസോഫ്റ്റ്

വെയറുകൾ പരമാവധി ഉപയോഗിക്കുന്നതിനും, സോഫ്റ്റ് വെയർ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തൻവർഷം പ്രിന്ററുകളും,കമ്പ്യൂട്ടറുകളും വാങ്ങിയിട്ടുണ്ട്.

| ബിൽ നം, തുക | സ്ഥാപനം | വാങ്ങിയ ഇനം |
|---|---|---|
| 29/19.6.17–16350(ചെക്ക് നം.661342/19.6.17) | CQUBE,ചാവക്കാട് | Printer-Canon MF244DW |
| 27/30.10.17-133250 | Encore marketing, Calicut | Printer-Ricoh MP 2014AD |
| 28/30.10.17-87350 | CQUBE,ചാവക്കാട് | Printer-Brother L2361DN |
| | CQUBE,ചാവക്കാട് | Printer-Epson LQ310 |
| | | Computer Acer veritone |

സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി ഇലക്ട്രോണിക് സാധനങ്ങളുടെ സ്പെസിഫിക്കേഷൻ, നമ്പർ എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-14 പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തികൾ ചെയ്തു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

വൗച്ചർ നം.21700520/31.1.18 പ്രകാരം 27,001/- രൂപക്ക് ചാക്കോളാസ് കൊമേഴ്സ്യൽ കോർപ്പറേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് 150/- രൂപ നിരക്കിൽ 180 ബെഡ്ഷീറ്റുകൾ പാലിയേറ്റീവ് പരിചരണത്തിലുള്ള രോഗികൾക്കായി വാങ്ങി. ആയത് സ്റ്റോക്കിലെടുത്തതിന്റെയോ, വിതരണം ചെയ്തതിന്റെയോ വിവരം ലഭ്യമാക്കിയിട്ടില്ല.

1994ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെകഷൻ 166 വകുപ്പ് 1ാം ഉപവകുപ്പ് 3ാംപട്ടിക പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്ത ജനങ്ങൾക്ക് തനതുഫണ്ട് ചെലവഴിച്ച സാഹചര്യം വ്യക്തമല്ല. സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-15 ആശ്രയ പദ്ധതി -അർഹർക്ക് ആനുകൂല്യം നല്കുന്നതിൽ ജാഗ്രത പുലർത്തുന്നില്ല

ആശ്രയ ഒന്നും, രണ്ടു ഘട്ടങ്ങളിലായി 87 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ വിവിധ ആവശ്യങ്ങളുടെ പട്ടിക ഇതോടൊപ്പം നല്കിയിട്ടുണ്ട്. വീട് റിപ്പയർ എന്നപദ്ധതി മാത്രമാണ് നാമമാത്രമായി നടപ്പാക്കിയിട്ടുള്ളത്. ഭവനനിർമ്മാണം, സ്ഥലം വാങ്ങൽ, കുടിവെള്ളം, കറന്റ് എന്നീ ആവശ്യങ്ങൾ നിറവേറ്റിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 17/29.10.18 ന് നല്കിയ മറുപടിപ്രകാരം തയ്യാറാക്കിയ ആവശ്യകത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | Ist പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 42 | 45 |
| പ്രോജക്ടു പ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 11 | 12 |

| | | |
|---|---|---|
| നാളിതുവരെ ലഭിച്ചവർ | Nil | Nil |
| പ്രോജക്ടു പ്രകാരം വീട് ആവശ്യമുള്ളവർ | 15 | 23 |
| നാളിതുവരെ ലഭിച്ചവർ | Nil | Nil |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 2 | 7 |
| നാളിതുവരെ ലഭിച്ചവർ | 3 | Nil |
| കക്കൂസ് ആവശ്യമുള്ളവർ | Nil | Nil |
| നാളിതുവരെ ലഭിച്ചവർ | Nil | Nil |
| കുടിവെള്ളം ആവശ്യമുള്ളവർ | - | 10 |
| നാളിതു വരെ ലഭിച്ചവർ | -Nil | Nil |
| കറന്റ് ആവശ്യമുള്ളവർ | - | - |
| നാളിതുവരെ ലഭിച്ചവർ | - | - |

മേൽ കണക്കുകളിൽ നിന്ന് ആശ്രയ പദ്ധതിക്കായി പഞ്ചായത്തിൽ നിന്നുള്ള ചെലവ് വളരെ പരിമിതമാണ്. മൂന്ന് ഭവന പുനരുദ്ധാരണ പ്രവർത്തികൾക്കായി 75,000/- രൂപയാണ് നാളിതുവരെ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. ചലഞ്ച് ഫണ്ടിന്റെ വിനിയോഗവും വളരെ കുറവാണ്. ചലഞ്ച് ഫണ്ടിന്റെ ഒന്നും, രണ്ടു ഘട്ടങ്ങളിലായി ലഭിച്ച തുകയിൽ യഥാക്രമം 9,46,089/- രൂപ , 3,64,988/- രൂപ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ശേഷിക്കുന്നു. ആശ്രയഗുണഭോക്താക്കൾക്ക് അർഹമായ സഹായം എത്തിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

ഈ വിഷയത്തിൽ പഞ്ചായത്തു കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഒപ്പം സത്വര നടപടികൾസ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

## 3-16 തനതുഫണ്ട് വൗച്ചറുകൾ - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.വൗച്ചർ നം.21700149/14.7.17 പ്രകാരം 27,800/- രൂപ മഴക്കാലപൂർവശുചീകരണം പ്രവൃത്തിക്കായി നൽകിയിട്ടുണ്ടെങ്കിലും ആയത് ചെലവഴിച്ച് ചെയ്ത പ്രവൃത്തികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. വൗച്ചറിനോടൊപ്പമുള്ള ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇനം |
|---|---|
| നവരംഗ് പ്രിന്റിംഗ് പ്രസ്, ചാവക്കാട് | നോട്ടീസ് അച്ചടിച്ചതിന് 2,600/- രൂപയുടെ ബിൽ |
| സ്വരാജ് ട്രേഡിംഗ് ഏജൻസീസ് | 1400 കിലോ കുമ്മായത്തിന്റെ വില 24,500/-രൂപ |
| | ഇറക്കുകൂലി -700/- |

വാങ്ങിയ കുമ്മായം എന്തിന് ഉപയോഗിച്ചുവെന്ന വിവരം ഫയലിൽ ഇല്ല. മാത്രമല്ല വാർഡ് തല ശുചിത്വകമ്മറ്റികൾ രൂപീകരിച്ച് തുക കൈമാറിയതായി കാണുന്നില്ല.

2.രജിസ്റ്ററുകളും ഫോമുകളും സ്റ്റോക്കിലെടുത്തിട്ടില്ല.

ഗ്രാമലക്ഷ്മി മുദ്രണാലയത്തിന് രജിസ്റ്ററുകളും ഫോമുകളും വാങ്ങുന്നതിനായി തുക നൽകിയെങ്കിലും ലഭ്യമായവ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

| വൗച്ചർ നം | തുക | ഇനം |
|---|---|---|

| | | |
|---|---|---|
| 21700086/20.6.17 | 29637 | രജിസ്റ്ററുകളും ഫോമുകളും വാങ്ങുന്നതിനായി |
| 21700075/20.6.17 | 4300 | വാഹനവാടക(KL46F4544) |

3.ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

21700087/21.6.17വൗച്ചർ പ്രകാരം 10,280/-രൂപ ഭൂട്ടാൻ ടീം ഗ്രാമപഞ്ചായത്തിൽ വന്നതിന് ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ /ബില്ലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുക ചെലവഴിച്ചതിന്റെ ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് വൗച്ചറിനോടൊപ്പമുള്ളത്.

| | |
|---|---|
| Light Refreshment | 3000 |
| Meals | 5000 |
| Press and Photograph | 1500 |
| Welcome flowers | 780 |

ഏതെങ്കിലും സ്ഥാപനത്തിന്റെ ബില്ലോ, കൈപ്പറ്റ് രസീതിയോ വൗച്ചറിനോടൊപ്പമില്ല.
4.വൗച്ചർ നം.21700274/27.9.17-14,560/-രൂപ ശ്മശാനത്തിന്റെ വൈദ്യുതകണക്ഷൻ താരിഫ് /ലോഡ് മാറ്റുന്നതിന് അടവാക്കിയിട്ടുണ്ട്. LT single phase കണക്ഷൻ മാറ്റിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 86,577/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 മോണിറ്ററിംഗ് റിപ്പോർട്ട്- പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ തയ്യാറാക്കുന്നില്ല.

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 72/2017/ത.സ്വ.ഭ.വ തീ 29.03.2017 ഖണ്ഡിക 14.6 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ഇതേ ഉത്തരവ് ഖണ്ഡിക 14.8 പ്രകാരം നിർവ്വഹണോദ്യഗസ്ഥൻ പ്രോജക്റ്റ് നിർവ്വഹണം പൂർത്തീകരിച്ച ശേഷം പ്രോജക്റ്റിന്റെ ഭൌതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തി പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതുമാണ്. ഇത് സാമ്പത്തിക വർഷാവസാനം പദ്ധതി വിലയിരുത്താൻ സഹായിക്കുന്ന രേഖയായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒഴികെയുള്ള നിർവ്വഹണോദ്യഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകൾക്ക് മോണിറ്ററിംഗ് നടത്തിയതായോ നിർവ്വഹണോദ്യഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കിയതായോ കാണുന്നില്ല. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-18 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

പ്രൊജക്ട് നമ്പർ 123/17-18

പ്രൊജക്ടിൻെറപേര്- പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നം 3/17-18 തീയ്യതി 31-10-17

തുക-1,15,000/-

മേൽ ബിൽ പ്രകാരം 1,15,000/- രൂപ KMSCL ന് കൈമാറിയിട്ടുണ്ട്. നാളിതുവരെയായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

2)പ്രൊജക്ട് നമ്പർ 59/17-18

പ്രൊജക്ടിൻെറപേര്- സാന്ത്വന പരിചരണം

ബിൽ നം 5/17-18 തീയ്യതി 10-1-18

തുക-53,811/-

മേൽ പദ്ധതിയ്ക്കായി വീൽ ചെയർ, വാക്കർ, എയർ ബഡ്, ഹോട്ട് വാട്ടർ ബാഗ് എന്നിവാങ്ങുന്നതിനായി 31,891/- രൂപ KMCL ന് കൈമാറിയിട്ടുണ്ട്. നാളിതുവരെയായിട്ടും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

3)പ്രൊജക്ട് നമ്പർ 59/17-18

പ്രൊജക്ടിന്റെ പേര്- സാന്ത്വന പരിചരണം

ബിൽ നം 15/17-18 തിയ്യതി 31-3-18

തുക-178147

മേൽ ബിൽ പ്രകാരം 1,17,422/- രൂപ KMCL ന് കൈമാറിയിട്ടുണ്ട്. നാളിതുവരെയായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

4)പ്രൊജക്ട് നമ്പർ 127/17-18

പ്രൊജക്ടിന്റെ പേര്- സമഗ്ര ആരോഗ്യ പരിപാടി

ബിൽ നം 14/17-18 തീയ്യതി 28.3.18

തുക-27,650/-

സമഗ്ര ആരോഗ്യ പരിപാടി പദ്ധതി ആവശ്യത്തിലേക്കായി വണ്ടി ഓടിയ ഇനത്തിൽ 22 ദിവസത്തേക്ക് 400/- രൂപ വച്ച് ആകെ 8,800/- രൂപ നൽകിയിട്ടുണ്ട്. വണ്ടിയുടെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

5)ലോഗ് ബുക്ക് പരിപാലനം -അപാകതകൾ

പാലിയേറ്റീവ് കെയർ ആവശ്യത്തിലേക്കായി ഓടുന്ന ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ഓരോ മാസാവസാനവും monthly abstract എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല, PWD മെക്കാനിക്കൽ ഡിവിഷന്റെ മൈലേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല, വാഹന പരിപാലനത്തിനായി 8/17 ൽ ചെലവാക്കിയ 13,132/- രൂപ യുടെ വിവരങ്ങൾ (സർവ്വീസിങ്ങ്, ഇൻഷ്വറൻസ്) ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | മുൻബാക്കി | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചാത്ത് | 270000 | 2017-18 | 300500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 491825 | 78675 |
| ബ്ലോക്ക് പഞ്ചായത്ത് | 227030 | 2017-18 | 175000 | ശാരീരിക മാനസിക വെല്ലുവിളികൾ | 157700 | 244330 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 104/18 സ്ട്രീറ്റ് മെയ്ൻ വലിക്കൽ | 1)ബിൽ നം.58/23.3.18, തുക-8971/- 2)ബിൽ നം.59/23.3.18, തുക-590037/- | 599008 | - | 599008 |
| KWA | 34/18,ഗാർഹികകണക്ഷൻ നൽകലും ലൈൻനീട്ടലും | 1)ബിൽ നം.25/19.10.17, തുക-1752826/- 2)ബിൽ നം.37/18.1.18, തുക-909862/- | 2662138 | - | 2662138 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5300 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 5300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5300 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| 1) തൃശ്ശൂർ കോ-ഓപറേറ്റീവ് സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് നം.093/05.07.01 | 5,000 |
| 2) FD Receipt No.310/1.3.2008 പീപ്പിൾ മൾട്ടി പർപ്പസ് കോ-ഓപറേറ്റീവ് സൊസൈറ്റി , കുർക്കാച്ചേരി | 300 |

---------

ആകെ 5,300

---------

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി | രസീത് നൽകിയ ശീർഷകം |
|---|---|---|---|---|---|
| 2016-17 | 2-8(4) | 250 | പ്രിൻസിപ്പാൾ ,വൊക്കേഷനൽ ഹയർ സെക്കന്ററിസ്കൂൾ,ഒരുമനയൂർ | 17080100786/ 22.8.17 | തൊഴിൽ നികുതി (ജീവനക്കാർ) |
| | | 250 | പ്രിൻസിപ്പാൾ ,വൊക്കേഷനൽ ഹയർ സെക്കന്ററിസ്കൂൾ,ഒരുമനയൂർ | 17080100787/ 22.8.17 | തൊഴിൽ നികുതി (ജീവനക്കാർ) |
| | | 250 | പ്രിൻസിപ്പാൾ ,വൊക്കേഷനൽ ഹയർ സെക്കന്ററിസ്കൂൾ,ഒരുമനയൂർ | 17080100788/ 22.8.17 | തൊഴിൽ നികുതി (ജീവനക്കാർ) |
| | | 250 | പ്രിൻസിപ്പാൾ ,വൊക്കേഷനൽ ഹയർ സെക്കന്ററിസ്കൂൾ,ഒരുമനയൂർ | 17080100789/ 22.8.17 | തൊഴിൽ നികുതി (ജീവനക്കാർ) |
| ആകെ | | 1000 രൂപ | | | |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44075764 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41198736 |
| വരവിനങ്ങളിലുള്ള നഷ്ടം | 7750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,63,578 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 7350 | - | അനുപമ.എ.വി, സെക്രട്ടറി |
| 2-3(4) | 400 | - | അനുപമ.എ.വി, സെക്രട്ടറി |
| 3-6 | | 25200- | അനുപമ.എ.വി, സെക്രട്ടറി |
| ആകെ | 7750 | 25200 | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 50000 | പത്മ,വി.ഇ.ഒ,ഒരുമനയൂർ സർക്കിൾ |
| 3-14 | 27001 | അനുപമ.എ.വി ,സെക്രട്ടറി |
| 3-16 | 86577 | അനുപമ.എ.വി ,സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനുപമ.എ.വി,സെക്രട്ടറി | സെക്രട്ടറി, ഒരുമനയൂർ ഗ്രാമ പഞ്ചായത്ത് | ഉഷസ്സ്, ചെമ്പുക്കാവ് പി.ഒ, തൃശ്ശൂർ |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68, 80-81, 82-83, 83-84, 84-85, 85-86, 86-87, 87-88,88-89, 89-90, 90-91, 91-92, 92-93, 93-94, 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1314/11/14.07.11 |
| 96-97 | എൽ.എഫ്.ടി.13-564/98/12.10.98 |
| 97-98(ചെലവ്) | എൽ.എഫ്.ടി.17-1844/99/22.02.2000/ 29.05.2000 |
| 98-99(ചെലവ്) | എൽ.എഫ്.ടി.13-733/01/27.06.02 /9.12.2007 |
| 99-2000(ചെലവ്) | എൽ.എഫ്.ടി.13-740/03/02.09.03 |
| 99-2000(വരവ്) | എൽ.എഫ്.ടി.13-609/06/12.10.06 /08.03.07 |
| 2000-01, 2001-02പ്ളാൻ | എൽ.എഫ്.ടി.13-1540/03/20.02.04 |
| 97-98(വരവ്) | എൽ.എഫ്.ടി.13-607/06/12.10.06 /08.03.07 |
| 98-99(വരവ്) | എൽ.എഫ്.ടി.13-608/08/12.10.06 /08.03.07 |

| | |
|---|---|
| 2000-01പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-1520/07/24.06.08 |
| 2001-02പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2359/07/24.06.08 |
| 2002-03പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2360/07/24.06.08 |
| 2003-04വരവ്ചെലവ് | എൽ.എഫ്.ടി.13-1263/08/15.12.09 |
| 2004-05 | എൽ.എഫ്.ടി.13-1264/08/15.12.09 |
| 2005-06 | എൽ.എഫ്.ടി.13-650/09/18.09.10 |
| 2006-07 | എൽ.എഫ്.ടി.13-651/09/18.09.10 |
| 2007-08 | എൽ.എഫ്.ടി.13-1137/10/22.01.2011 |
| 2008-09 | എൽ.എഫ്.ടി.13-1138/10/22.01.11/07.05.11 |
| 2009-10 | എൽ.എഫ്.ടി.പി4-1078/12/27.09.12 /14.03.13 |
| 2010-11 | എൽ.എഫ്.ടി.പി4-1079/12/27.09.12 /14.03.13 |
| 2011-12 | എൽ.എഫ്.ടി.പി3-1434/13/13.01.2014/ 04.03.2014 |
| 2012-13 | എൽ.എഫ്.ടി.പി.8-571/14 തീ.4.11.2014/7.01.2015 |
| 2013-14 | കെ.എസ്.എടി.എസ്.അർ.പി.8-944/15 തി.20.07.2015/7.12.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.8-1228/16 തി. 23.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.8-32/17 തി. 6.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി.8-1405/17 തി. 17.10.17/18.11.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം -2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം ( Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ